

രോഗം, വേദന, മരണം,... ലോക, ഇന്ത്യൻ, കേരള സിനിമയിലെ ഏതാനും ശ്രദ്ധേയമായ മുഹൂർത്തങ്ങളെ പരിചയപ്പെടുക

# സിനിമയും ആശുപത്രിയും

പ്രൊഫ. ഐ. ഷൺമുഖദാസ്

**സൂക്ഷ്മദർശിനിയുടെ** സമീപദൃശ്യങ്ങളിൽ രോഗവും മരണവും വേദനയും അവതരിപ്പിക്കപ്പെടുന്ന നിരവധി ചിത്രങ്ങൾ സിനിമയുടെ ചരിത്രത്തിലുണ്ട്. ഇവയിൽ പല ചിത്രങ്ങളുടെയും പ്രധാന പശ്ചാത്തലം ആശുപത്രി തന്നെയാണ്. 'ആശുപത്രി' (The Hospital) എന്ന പേരിൽ തന്നെ ഒരു ചലച്ചിത്രമുണ്ട്. പാഡി ചെയഫ്സ്കി എന്ന പ്രശസ്തനായ തിരക്കഥാകൃത്തിന് ഓസ്കാർ നേടിക്കൊടുത്ത ചലച്ചിത്രം. ഒരു അമേരിക്കൻ ആശുപത്രിയിൽ എന്താണു നടക്കുന്നത് എന്നതിന്റെ ഭീകരതകൾ ഒരു കറുത്തകോമഡിയായി ഈ ചിത്രം അവതരിപ്പിച്ചിരിക്കുന്നുവത്രെ. ഒരു ഡോക്ടറാണ് കേന്ദ്രകഥാപാത്രം. കൂടുതൽ പ്രശസ്തമായ മറ്റൊരു ആശുപത്രി ചിത്രത്തിൽ കേന്ദ്രകഥാപാത്രങ്ങളായി വരുന്നത് രോഗികളാണ് എന്നു കാണുന്നു. ഒരു മാനസികാരോഗ്യ കേന്ദ്രമാണ് ഈ ചിത്രത്തിലെ ആശുപത്രി. കെൻ കെസ്സിയുടെ പ്രശസ്ത നോവലിനെ ആധാരമാക്കി നിർമ്മിച്ച ഈ സിനിമയിലും പശ്ചാത്തലം ആശുപത്രി തന്നെ. 'വൺ ഫ്ളൂ ഓവർ ദി കുക്കൂസ് നെസ്റ്റ്' (One flew over the Cuckoo's Nest) എന്ന ഈ ചിത്രത്തിലെ 'കുക്കൂസ് നെസ്റ്റ്' എന്നത് മാനസികാരോഗ്യകേന്ദ്രം തന്നെയാണ് (ഈ ചിത്രമാണ് 'താളവട്ടം' എന്ന മലയാള ചിത്രത്തിനാധാരം). ആശുപത്രി എന്ന സമകാലീന സ്ഥാപനത്തെ അടുത്തറിയാനും ആഴത്തിൽ പഠിക്കാനും ഈ രണ്ട് അമേരിക്കൻ ചിത്രങ്ങൾ സഹായകരമാകും. സമ്പത്തിന്റെയും അധികാരത്തിന്റെയും പ്രവർത്തനം മനുഷ്യശരീരത്തിലും മനുഷ്യമനസ്സിലും മാരകമായ രീതിയിൽ സ്ഥാപനങ്ങളിലൂടെ സാദ്ധ്യമാകുന്നതെങ്ങനെ എന്ന് ഈ ചിത്രങ്ങൾ വ്യക്തമാക്കുന്നു.

ആശുപത്രി തന്നെ പ്രധാന പശ്ചാത്തലമായ മറ്റു രണ്ടു ചിത്രങ്ങൾ ഓർമ്മ വരുന്നു. ഈ രണ്ടു ചിത്രങ്ങളും എല്ലാ വൈദ്യവിദ്യാർത്ഥികളും കണ്ടിരിക്കേണ്ടവയാണ് എന്നു തോന്നുന്നു. വേദനയും മരണവും ഈ രണ്ടു ചിത്രങ്ങളിലേയും ശക്തമായ അന്തർധാരകളാണ്. മറ്റൊരു സമാനതയും ഈ രണ്ടു ചിത്രങ്ങൾക്കുണ്ട്. രണ്ടിലും കേന്ദ്രകഥാപാത്രങ്ങൾ ഡോക്ടർമാരാണ്. പോളിഷ് സംവിധായകനായ ക്രിസ്റ്റോഫ് സനൂസിയുടെ 'ലൈംഗികമായി പകർന്നു കിട്ടുന്ന മാരകരോഗം എന്ന നിലയ്ക്കു ജീവിതം' (Life as a Fatal Sexualy Transmitted Disease) അവതരിപ്പിക്കുന്നത് അർബുദരോഗബാധിതനായി മരണത്തോടടുത്തുകൊണ്ടിരിക്കുന്ന ഒരു ഡോക്ടറുടെ അനുഭവങ്ങളാണ്. ശാരീരികവും മാനസികവും ദാർശനികവും ആയ തലങ്ങളിൽ ജീവിതം എന്ന മാരക ലൈംഗിക രോഗത്തെ അപഗ്രഥിക്കാൻ ശ്രമിക്കുന്ന രോഗിയായ വൈദ്യന്റെ കഥ മാത്രമല്ല ഈ ചിത്രം എന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. വൈദ്യനായ ഈ രോഗിയുടെ വേദനയിലൂടെ, രോഗത്തിലൂടെ, മരണത്തിലൂടെ, ഒരു യുവ വൈദ്യവിദ്യാർത്ഥി തന്റെ തൊഴിലിൽ പഠനം അഗാധമാക്കുന്നതിന്റെ കഥയും ചിത്രം അവതരിപ്പിക്കുന്നു. രോഗിയായ ഡോക്ടറുടെ കാഴ്ചപ്പാടിൽ ജീവിതവും രോഗവും മരണവും വിശ്വാസത്തിന്റെ പ്രതിസന്ധികളും അവതരിപ്പിക്കുന്ന ഈ സിനിമയ്ക്ക് ഒരു രണ്ടാം ഭാഗവും സംവിധായകൻ നിർമ്മിക്കുകയുണ്ടായി. 'സപ്ലിമെന്റ്' എന്ന ഈ ചിത്രത്തിൽ വൈദ്യവിദ്യാർത്ഥിയുടെ കാഴ്ചപ്പാടിൽനിന്നും അതേ സംഭവങ്ങൾ വീണ്ടും അവതരിപ്പിക്കുകയാണ് സംവിധായകൻ ചെയ്തിരിക്കുന്നത്.

രോഗത്തോടു രോഗിയായിത്തന്നെ സംവദിക്കുന്ന വൈദ്യന്റെ കഥയാണു 'ജീവിതം എന്ന മാരകലൈംഗികരോഗ'മവതരിപ്പിക്കുന്നത് എങ്കിൽ രോഗത്തോടു വൈദ്യനായി സംവദിക്കുന്ന വൈദ്യന്റെ ആശുപത്രി ജീവിതമാണ് അകിറ കുറസോവയുടെ ഇതിഹാസസമാനമായ 'ചുവന്ന താടി' (Red Beared) യിൽ ഉള്ളത്. രോഗപരിചയത്തിനും ജീവിത പരിചയത്തിനും ഈ സിനിമ ഒരു പാഠപുസ്തകമായി കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജിലും പ്രദർശിപ്പിക്കപ്പെടേണ്ടതാണ്. പ്രാഥമികമായ വൈദ്യപഠനം കഴിഞ്ഞെത്തുന്ന ഒരു വൈദ്യവിദ്യാർത്ഥിയുടെ പ്രായോഗിക പരിശീലനത്തിന്റെ, വൈദ്യഗുരുവിൽ നിന്നും, രോഗികളുടെ ജീവിതത്തിൽ നിന്നും നേരിട്ടു ജീവിതം പഠിക്കുന്നതിന്റെ, മഹത്തായ ഒരു ഇതിഹാസം ഈ സിനിമ പ്രേക്ഷകർക്കു മുന്നിൽ അവതരിപ്പിക്കുന്നു. നോബൽ സമ്മാനം നേടിയ മാർകിസിനെപ്പോലുള്ള എഴുത്തുകാർക്ക് ഈ ചിത്രം പ്രിയംകരമായി അനുഭവപ്പെട്ടത് ഒരു ആകസ്മികതയല്ല. ദാരിദ്ര്യവും വിശപ്പും വേദനയും മരണവും നിത്യയാഥാർത്ഥ്യമായ ഒരാശുപത്രി വിശാലമായ വലിയ ലോകത്തിന്റെ ഒരു ചെറുപതിപ്പുതന്നെയായി ഈ സിനിമയിൽ നിറഞ്ഞു നിൽക്കുന്നു. ബാല്യവും യൗവ്വനവും വാർദ്ധക്യവും മഴയും മഞ്ഞും വെയിലുംപോലെ ഈ ആശുപത്രിയിലൂടെ കടന്നുപോകുന്നു. ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധത്തിലൂടെ

ജീവിതകഥകൾ അവതരിപ്പിക്കുന്ന നിരവധി സിനിമകൾ നമുക്കു പരിചിതമാണ്. 'ടു സർ വിത് ലൗ', 'ഡെഡ് പോയറ്റ്സ് സൊസൈറ്റി' തുടങ്ങിയ അത്തരം സിനിമകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്ന 'ചുവന്ന താടി'യും 'ജീവിതമെന്ന മാരകലൈംഗികരോഗ'വും ഡോക്ടർമാരും നേഴ്സുമാരും വൈദ്യവിദ്യാർത്ഥികളും ആരോഗ്യപ്രവർത്തകരും രോഗികളും ബന്ധുക്കളും അടങ്ങുന്ന വലുതും ചെറുതുമായ സദസ്സുകളിൽ വല്ലപ്പോഴുമെങ്കിലും പ്രദർശിപ്പിക്കുന്നത് സമൂഹത്തിന്റെ മാനസികവും ധാർമ്മികവും ആയ ആരോഗ്യത്തിന് ഗുണകരമായിരിക്കും. ഭൗതികമായ ഒരു സങ്കീർണ്ണതലം കൂടാതെ അഗാധമായ ഒരു ആത്മീയതലം ഈ രണ്ടു ചിത്രങ്ങളുടെയും സവിശേഷതയാണ്.

ഈ കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ നടന്ന തൃശൂരിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച മറ്റുരണ്ടു ചിത്രങ്ങളെക്കുറിച്ചു കൂടി ഈ സന്ദർഭത്തിൽ പരാമർശിക്കപ്പെടേണ്ടതുണ്ട്. മൂന്നു മെഡിക്കൽ കോളേജുകളുടെയും സമ്പത്തും സ്റ്റാറ്റസും ഭാവിയിൽ പ്രതീക്ഷിച്ച് എൻട്രൻസ് പീഡനത്തിനു പരപ്രേരണയാലോ സ്വമേധയാലോ, കേരളത്തിന്റെ എല്ലാ കോണുകളിൽനിന്നും എത്തിച്ചേരുന്ന കുമാരീകുമാരന്മാരുടെയും ചെറുനഗരമായ തൃശൂരിൽ നടന്ന ഈ മേളയുടെ പ്രധാനപ്പെട്ട ഒരു സവിശേഷത 'രോഗവും മനുഷ്യരും' എന്ന വിഭാഗമായിരുന്നു. ഈ വിഭാഗത്തിലായിരുന്നു കുറോസോവയുടെ തന്നെ 'ഇകിറു', കാരൽ കാച്ചിനയുടെ 'എ ഫണ്ണി ഓൾഡ് മാൻ' എന്നീ ചിത്രങ്ങളും പ്രദർശിപ്പിച്ചത്. ഈ രണ്ടു ചിത്രങ്ങളിലും നാം കാണുന്നത് മരണത്തെ അഭിമുഖീകരിക്കുന്ന കേന്ദ്രകഥാപാത്രങ്ങളെയാണ്. തൊട്ടുമുന്നിലെത്തി നില്ക്കുന്ന മരണമുഹൂർത്തമാണ് അവസാനത്തെ ദിവസങ്ങളിലൂടെ ജീവിതത്തിന് പുതിയൊരു അർത്ഥതലം കണ്ടെത്തുന്നതിന് അവർക്കു പ്രചോദനമാകുന്നത്. ടോൾസ്റ്റോയിയുടെ 'ഇവാൻ ഇലിച്ചിന്റെ മരണ'മാണ് 'ഇകിറു'വിന് ഒരു അടിസ്ഥാനം. അർബ്ബുദരോഗം ഇനി തനിക്കനുവദിച്ചിരിക്കുന്നത് വളരെ കുറച്ചു ജീവിതം മാത്രമാണെന്നു തിരിച്ചറിഞ്ഞ് അവശേഷിക്കുന്ന നിമിഷങ്ങളെ അർത്ഥവത്താക്കുന്നതിനു പിടയുന്ന ഒരു വൃദ്ധന്റെ ചെറു പ്രവൃത്തികളാണ് ചിത്രം അവതരിപ്പിക്കുന്നത്. ആത്മഹത്യക്കു ശ്രമിച്ചു പരാജയപ്പെടുന്ന ഒരു വൃദ്ധൻ. കിളികളുമൊത്തു ജീവിക്കുന്ന ഒരു പെൺകുട്ടിയുടെ ജീവൻ അയാൾ രക്ഷിക്കുന്നു. ഈ ഒരു പ്രവൃത്തിയിലൂടെ ജീവിതത്തെ ഒരിക്കൽകൂടി ഒന്നു സ്പർശിച്ചുകൊണ്ട് തന്നെ കാത്തിരിക്കുന്ന ഹൃദയാഘാതത്തിന്റെ മരണദംശനത്തിനു വിധേയനാകുന്നു അയാൾ. വാക്കുകളെക്കാൾ കൂടുതലായി അഭിനയത്തിലൂടെയും ദൃശ്യപരിചരണത്തിലൂടെയും വെളിച്ചത്തിന്റെയും വർണ്ണങ്ങളുടെയും വിന്യാസത്തിലൂടെയും ദാർശനികമായ ആഴം തേടുന്ന ഒരു ചിത്രമാണ് ആശുപത്രി പ്രധാന പശ്ചാത്തലമായ 'രസികനായ ഒരു കിഴവൻ.'

അമിതാബച്ചൻ സിനിമയിലേക്കു കടന്നുവന്നത് 'ആനന്ദ്'ലൂടെയായിരുന്നു. ഈ ഹിന്ദി ചിത്രത്തിനാധാരം 'ഇകിറു' ആണ് എന്നു കരുതപ്പെടുന്നു. ഇന്ത്യൻ മുഖ്യധാരാസിനിമയിൽ അർബ്ബുദരോഗം ഒരു പുതിയ വില്ലനായി പ്രത്യക്ഷപ്പെടുന്നതും ഒരുപക്ഷേ 'ആനന്ദ്'ലൂടെയായിരിക്കണം. ഒരു കാലത്തു മലയാളനാടകങ്ങളിലെ നായകനെ ബാധിച്ചിരുന്ന ക്ഷയരോഗത്തെപ്പോലെയായിരുന്നു ഇന്ത്യൻ സിനിമയിൽ ഈ അർബ്ബുദരോഗത്തിന്റെ വരവ്. സാമൂഹ്യ പ്രസക്തമായ മുഖ്യധാരാചിത്രങ്ങൾ നിർമ്മിക്കാൻ ശ്രമിച്ച ശാന്താറാമിന്റ ഹിന്ദി സിനിമകളിൽനിന്നും അറുപതുകളിലെ സാഹിത്യകൃതികളെ ആധാരമാക്കി നിർമ്മിക്കപ്പെട്ട മലയാളത്തിലെ പല സിനിമകളിൽനിന്നും വ്യത്യസ്തമായ ഒരു ധാരയിലാണ് ഈ അർബ്ബുദസിനിമകൾ പെടുന്നത്. ഡോക്ടറുടെ തൊഴിലിന്റെ ധാർമ്മികതയിലും ഡോക്ടറുടെ മനുഷ്യത്വത്തിലും ഊന്നുന്ന ഏതാനും സിനിമകൾ മലയാളത്തിലെ മുഖ്യധാരാ സിനിമയിൽ പുറത്തിറങ്ങിയിട്ടുള്ളതും ശ്രദ്ധയർഹിക്കുന്നുണ്ട്. 'ഡോക്ടർ കോട്നിസ് കി അമർ കഹാനി' എന്ന ശാന്താറാം ചിത്രത്തിന്റെ കുടുംബത്തിൽ ഉൾപ്പെടാവുന്ന ചില മലയാള സിനിമകളാണ് 'ഡോക്ടർ', 'അശ്വമേധം', 'ശരശയ്യ', 'അമൃതം ഗമയ' തുടങ്ങിയ ചിത്രങ്ങൾ. ഈ ചിത്രങ്ങൾ ഏതു രീതിയിലാണ് അവ പുറത്തിറങ്ങിയ കാലത്തെ രോഗപരിപാലന മേഖലയെ എന്നതുപോലെ കേരളസമൂഹത്തെത്തന്നെ അവതരിപ്പിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകമായി പഠിക്കാവുന്നതാണ്. ഇത്രയേറെ ആശുപത്രികൾ പ്രത്യേകിച്ച് സ്വകാര്യ ആശുപത്രികൾ കേരളത്തിലുണ്ടായിട്ടും, ഡോക്ടർമാരേക്കാൾ പതിന്മടങ്ങ് സ്ത്രീ നഴ്സുമാരുള്ള സംസ്ഥാനമാണ് കേരളം എന്നിരുന്നിട്ടും, എന്തുകൊണ്ടാണ് സ്ത്രീ നഴ്സുകളുടെ ജീവിതത്തെ ചിത്രീകരിക്കുന്ന ചിത്രങ്ങൾ, അവരുടെ കാഴ്ചപ്പാടിൽ നിന്ന് വൈദ്യരംഗത്തെ അവതരിപ്പിക്കുന്ന ചിത്രങ്ങൾ, മലയാളത്തിൽ ഇല്ലാതിരുന്നത് എന്നതും വിചിത്രമായ വസ്തുതയാണ്.

ലോകസിനിമയിൽ ശാരീരികരോഗങ്ങളെ ആധാരമാക്കിയുള്ള സിനിമകളെക്കാൾ കൂടുതലായിരിക്കണം മാനസികാരോഗ്യത്തെ മുൻനിർത്തിയുള്ള സിനിമകൾ. ഡോക്ടർമാർക്കും രോഗികൾക്കും മാത്രം പ്രാധാന്യമർഹിക്കുന്നതെന്നു തോന്നുന്ന ഡോക്യുമെന്ററിസിനിമകൾ ഒരുപക്ഷേ എല്ലാതരത്തിലും പെട്ടവയായിട്ടുണ്ടാകാം. എന്നാൽ ഡോക്ടറും രോഗിയും മാത്രമല്ല വിശാലമായ ഒരു പൊതുസമൂഹത്തിനുതന്നെ പ്രസക്തമായേക്കാവുന്ന തരം ഫീച്ചർ ചിത്രങ്ങൾ മാനസികരോഗങ്ങളെക്കുറിച്ചുള്ളവയായിരിക്കാനിടയുണ്ട്. നോബൽ സമ്മാനിതനായ നാഷിന്റെ ജീവിതത്തെ ആധാരമാക്കിയുള്ള 'ഒരു മനോഹരമനസ്സ്' (A Beautiful Mind), ഐറിസ് മർഡോക്ക് എന്ന ചിന്തകയായ നോവലിസ്റ്റിന്റെ അൽഷെയ്മർ എന്ന രോഗത്തെക്കുറിച്ചുള്ള 'ഐറിസ്' (Iris) സ്കിസോഫ്രെനിയാരോഗത്തെ മുൻനിർത്തിയുള്ള ബർഗ്മാന്റെ 'കണ്ണാടിയിലൂടെ ഇരുണ്ട്', (Through the glass darkly), വിർജീനിയാ വുൾഫിന്റെ വിഷാദരോഗത്തെയും ആത്മഹത്യയേയും കേന്ദ്ര പ്രമേയങ്ങളാക്കി മൂന്നു സ്ത്രീകളുടെ വ്യത്യസ്ത കാലങ്ങളിലൂടെയുള്ള കഥ പറയുന്ന 'മണിക്കൂറുകൾ' (The Hours) തുടങ്ങി നിരവധി സിനിമകൾ പ്രത്യേകമായി പ്രദർശിപ്പിക്കപ്പെടേണ്ടവയാണ്. ചലച്ചിത്രരംഗത്തു പ്രവർത്തിക്കുന്നവരുടേയും മാനസികാരോഗ്യരംഗത്തു പ്രവർത്തിക്കുന്നവരുടേയും സഹകരണത്തോടെ ഇത്തരം സിനിമകൾ പ്രദർശിപ്പിക്കുന്നതും ഒരു ഉത്തരവാദിത്തമായി ഫിലിം സൊസൈറ്റികൾ ഏറ്റെടുക്കുന്നത് കേരള സമൂഹത്തിന്റെ മാനസികാരോഗ്യത്തിന് പ്രയോജനകരമായേക്കാം.

*(സിനിമ നിരൂപകൻ, തൃശൂർ ഗവ. കോളേജ് ഇംഗ്ലീഷ് അദ്ധ്യാപകൻ)*

'ശാന്തി നിവാസ്', ചെമ്പുക്കാവ്, തൃശൂർ - 20